# ഉണ്ണിക്കുട്ടന്റെ സ്വപ്നം

'ഹായ്.. എന്ത് രസാ ഇതിലൂടെ നടക്കാൻ.. ഞാനും വലുതാവുമ്പോ ഒരു കൃഷിക്കാരനാകും.' ഉണ്ണിക്കുട്ടൻ പറഞ്ഞു.

'മോനേ, ഓടല്ലേ... വഴുതി വീഴും.'

ഉണ്ണിക്കുട്ടന്റെ അച്ഛനായ ഉണ്ണികൃഷ്ണൻ പറഞ്ഞു.

'അച്ഛാ, എനിക്ക് ചോളം വേണം.'

'നിനക്കു ഞാൻ പിന്നെ തരാം.'

'എനിക്ക് ഇപ്പൊ തന്നെ വേണം.'

'വാശി പിടിക്കല്ലേ... പിന്നീട് തരാമെന്നു പറഞ്ഞില്ലേ. പറയുന്നതനുസരിക്ക്.'

കുറെ നാളായി ഉണ്ണിക്കുട്ടൻ ചോളം തിന്നാൻ ആഗ്രഹിക്കുന്നു. അവന്റെ അച്ഛൻ ഒരു കൃഷിക്കാരൻ ആണ്. അച്ഛൻ കൃഷി ചെയ്യുന്നതെല്ലാം വിൽക്കുകയാണ് പതിവ്.

അച്ഛൻ കാണാതെ ചോളം തിന്നാൻ അവൻ തീരുമാനിച്ചു. അങ്ങനെ രണ്ടു മൂന്ന് ചോളം അവൻ ഒറ്റയടിക്ക് അകത്താക്കി. അന്നു രാത്രി അവന്നു മേലാകെ തളർച്ചയായി. ഉടനെ അവനെ ആശുപത്രിയിൽ എത്തിച്ചു. അച്ഛനോടും ഡോക്ടറോടും ഉണ്ണിക്കുട്ടൻ ചോളം കഴിച്ചതിനെ പറ്റി പറഞ്ഞു.

'ഇവൻ ചോളംകഴിച്ചതാ പ്രശ്നം. അതിലെ വിഷം ഇവന്റെ അകത്തു ചെന്നിട്ടുണ്ട്.'

ഡോക്ടർ പറഞ്ഞു.

അവനെ ഐ.സി.യുവിലേക്ക് മാറ്റി.

'ഞാൻ കാരണം ഉണ്ണിക്കുട്ടന് അസുഖം വന്നു. എനിക്ക് കൃഷിയിൽ വിഷം ചേർക്കാതിരുന്നതിനാൽ മതിയായിരുന്നു!' ഉണ്ണികൃഷ്ണൻ വിചാരിച്ചു.

പെട്ടെന്ന് ഡോക്ടർ വന്നു പറഞ്ഞു:

'ഇതിൽ നമ്മൾ വിജയിച്ചു. അവസാനഘട്ടത്തിൽ ഉണ്ണിയുടെ ഓക്സിജൻ തീരെ കുറഞ്ഞിരുന്നു. ബോധവും പോയി. ഞങ്ങൾ വീണ്ടും വീണ്ടും പരിശ്രമിച്ചു. പെട്ടെന്ന് ഓക്സിജൻ സാധാരണ നിലയിൽ ആയി. പിന്നെ നിങ്ങളോട് എനിക്ക് പറയാനുള്ളത് ഇനി ഒരിക്കലും വിളകളിൽ വിഷം ചേർക്കരുത്.'

'ശരി ഡോക്ടർ.' ഉണ്ണികൃഷ്ണൻ പറഞ്ഞു.

കുറച്ചു സമയങ്ങൾക്കു ശേഷം ഉണ്ണിക്കുട്ടൻ റൂമിൽ നിന്നും ഓടി വന്നു. അച്ഛൻ അവനെ വാരിപ്പുണർന്നു.

വർഷങ്ങൾ കൊഴിഞ്ഞു പോയി. ഉണ്ണിക്കുട്ടൻ തന്റെ സ്വപ്നം യാഥാർഥ്യമാക്കി. അവൻ അപായകരമായ കീടനാശിനികൾ ഉപയോഗിക്കാതെ കൃഷിചെയ്യുന്ന നല്ലൊരു കർഷകനായി.

**ഫിസ എം.സി, ക്ലാസ് 5, എ.യു.പി.എസ്, തൃപ്പനച്ചി**



**ഫാത്തിമ മെഹ്റിൻ, ക്ലാസ്– 1 ആത്മ എ.യു.പി സ്കൂൾ കാരപ്പറമ്പ്, കോഴിക്കോട്**



**ഇബാദുറഹ്മാൻ, ക്ലാസ്– 1, വാദിഹുദ, പഴയങ്ങാടി**

▸▸ കേരളത്തിലെ ആദ്യത്തെ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി– പി.കെ ചാത്തൻ മാസ്റ്റർ

# സ്വപ്നം

സ്വപ്നങ്ങളുണ്ടായിരിക്കണം ജീവിത
യാത്രയിൽ മാനുഷർക്കെല്ലാം!
സ്വപ്നത്തിനൊത്തുയർന്നീടാൻ കഴിയണം
എങ്കിലോ ജീവിതം ധന്യമായി!
പ്രാർഥനാപൂർവം നടക്കണം ജീവിത
വഴികളിലെന്നും ഉയർച്ച നേടാൻ!
നല്ല പ്രവൃത്തികൾ കൊണ്ടു നാം നേടണം
ഐശ്വര്യമെന്നതറിഞ്ഞുകൊൾക!
സ്വപ്നസാക്ഷാത്കാരമാകട്ടെ
ജീവിതയാത്രയിൽ നേടേണ്ടതെന്നറിഞ്ഞ്
കർമ്മ വഴികൾ സുഗമമാക്കൂ..
പ്രവൃത്തികൾക്കൊപ്പം പ്രാർഥനയും കൂടി
ദിനചര്യയാക്കീടുമെങ്കിലോ നാമിന്ന്
സ്വപ്ന പഥങ്ങളിലേക്കുയർന്നെത്തിടും
അതിനായി ജീവിതമാർഗം തെളിക്കുക!

**അനശ്വരാ കൃഷ്ണ, മടവൂർ, ക്ലാസ് 7**
**വിവേകാനന്ദ പബ്ലിക് സ്കൂൾ**
**നാവായിക്കുളം**




## മനോഹരമായ കഥ

നമ്മുടെ കാലത്ത് പഴവർഗ്ഗങ്ങളിലും വിളവുകളിലും എന്നു വേണ്ട മനുഷ്യർ കഴിക്കുന്ന എല്ലാറ്റിലും വിഷം ചേരുന്നു. കൃഷിയിൽ രാസവളവും കീടനാശിനികളും ഉപയോഗിക്കുന്നതുകൊണ്ട് അതിലും വിഷാംശം വന്നു ചേരുന്നു. ശുദ്ധവും ജൈവികവുമായ ഭക്ഷണങ്ങൾ കഴിക്കാനാകാത്തതിനാൽ മനുഷ്യരുടെ ആരോഗ്യം ദുർബലമാകുന്നു. ഈ ആശയം ഒരു കൃഷിക്കാരനും അയാളുടെ മകനും തമ്മിലുള്ള ബന്ധത്തിലൂടെ മനോഹരമായ് അവതരിപ്പിച്ചിരിക്കുന്നു. 'ഉണ്ണിക്കുട്ടന്റെ സ്വപ്നം' എന്ന കഥയിൽ.

ഈ ലക്കത്തെ കവിതയും നന്ന്.

• സസ്നേഹം മാഷ്

▸▸ അസമിലെ ക്ലാസിക്കൽ കലാരൂപം- സാത്രിയ നൃത്തം